Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഉദയഗിരി ഗ്രാമപഞ്ചായത്ത്- ഉദയഗിരി (ഓൾഡ് വെള്ളാട്) വില്ലേജിലെ റീസർവ്വേ നമ്പർ 292/1 A ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം - കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ 1923/16/തസ്വഭവ തീയതി, തിരുവനന്തപുരം :16/06/2016

പരാമർശം:- 1) 21.8..14- ലെ സ.ഉ.(എം.എസ്) നമ്പർ 150/14/തസ്വഭവ നമ്പർ ഉത്തരവ്.
2) 27.6.15- ലെ ആർബി2/106/15 നമ്പർ സർക്കാർ കത്ത്.
3) ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.3.15-ലെ എ 2/5303/14 നമ്പർ കത്ത്.
4) ശ്രീ.ഗോപാലൻ & ശ്രീമതി. സാവിത്രി, കോതച്ചിക്കുന്നേൽ, മണക്കടവ് പി.ഒ., കണ്ണൂർ എന്നിവരുടെ റിവ്യൂ അപേക്ഷ
5) മുഖ്യ നഗരാസൂത്രകന്റെ 01.03.16-ലെ D1/911//16 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ ഉദയഗിരി (ഓൾഡ് വെള്ളാട്) വില്ലേജിലെ റീ സർവ്വേ നമ്പർ 292/1 A-ൽ ഉൾപ്പെട്ട സ്ഥലത്തെ ശ്രീ.ഗോപാലൻ & ശ്രീമതി. സാവിത്രി, കോതച്ചിക്കുന്നേൽ, മണക്കടവ് പി.ഒ. കണ്ണൂർ എന്നിവരുടെ അനധികൃത നിർമ്മാണം ക്രമവൽക്കരണ അപേക്ഷ പരാമർശം (2) പ്രകാരം നിരസിച്ചിട്ടുള്ളതാണ്. തുടർന്ന് പരാമർശം (4) പ്രകാരം റിവ്യൂ അപേക്ഷ സമർപ്പിക്കുകയും, നിബന്ധനകൾക്ക് വിധേയമായി ടി നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 7(5) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഉദയഗിരി ഗ്രാമപഞ്ചായത്തിൽ ഉദയഗിരി (ഓൾഡ് വെള്ളാട്) വില്ലേജിലെ റീ സർവ്വേ നമ്പർ 292/1 A -ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ.ഗോപാലൻ & ശ്രീമതി.സാവിത്രി, കോതച്ചിക്കുന്നേൽ, മണക്കടവ് പി.ഒ. കണ്ണൂർ എന്നിവരുടെ 229.35 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള ഇരു നില വാണിജ്യ കെട്ടിടം ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പരാമർശ നിർമ്മാണത്തിനെതിരെ നിലവിലുള്ള കേസ്സിന്റെ വിധിക്കനുസൃതമായി നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.

(തുടർച്ച.......2)

ii. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 104 പ്രകാരം disabled persons-ന് ആവശ്യമായ സൗകര്യങ്ങൾ നൽകേണ്ടതാണ്.

iii. കെട്ടിടത്തിന്റെ മുൻവശത്ത് നൽകിയിരിക്കുന്ന 75 സെന്റീമീറ്റർ വീതിയുള്ള വരാന്ത weather shade ആയി മാത്രം ഉപയോഗിക്കേണ്ടതും, കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(b) പാലിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതുമാണ്.

iv. കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസായ 32,775- രൂപ (മുപ്പത്തി രണ്ടായിരത്തി എഴുനൂറ്റി എഴുപത്തി അഞ്ച് രൂപ) '' 0515 Other Rural Development programmes -800 Other receipts -92 Compounding fee for regularisation of Unauthorised Constructions violating provisions of building rules''എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ ഉദയഗിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം. 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4. ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് ഉദയഗിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
വി.ബിനുകുമാർ
അണ്ടർ സെക്രട്ടറി

ശ്രീ.ഗോപാലൻ & ശ്രീമതി. സാവിത്രി, കോതച്ചിക്കുന്നേൽ, മണക്കടവ് പി.ഒ. കണ്ണൂർ.
സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ